"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എസ്. സുരേഷ് കുമാറിന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1362/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/07/2021

---

പരാമർശം:-
1. ശ്രീ. എസ്. സുരേഷ് കുമാർ സമർപ്പിച്ച 31.10.2018, 17.06.2021 തീയതികളിലുള്ള അവധി അപേക്ഷകൾ
2. പഞ്ചായത്ത് ഡയറക്ടറുടെ 22.01.2021 ലെ PAN/13476/2019-E10(DP) നമ്പർ കത്ത്.

**ഉത്തരവ്**

1. തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ എസ്. സുരേഷ് കുമാർ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 24/10/2017 മുതൽ 02/11/2018 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി പരിഗണിക്കുന്നതിന് പരാമർ ശം ( 1 ) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധങ്ങളും തുടർനടപടിക്കായി പരാമർ ശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ശ്രീ. എസ്. സുരേഷ് കുമാർ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന 31.10.2018 തീയതിയിലുള്ള അപേക്ഷയിൽ 24.10.2017 മുതൽ 31.10.2018 വരെയും 17.06.2021 തീയതിയിലുള്ള അപേക്ഷയിൽ 01.11.2018 മുതൽ 02.11.2018 വരെയും മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷിച്ചു.

2. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.07.2019 ലെ ഡി -9468/17 നം. ഉത്തരവിൽ ശ്രീ. എസ്. സുരേഷ് കുമാർ 05/07/2017 മുതൽ 03/08/2017 വരെയും 24/10/2017 മുതൽ നാളിതുവരെയും അനധികൃതഹാജരില്ലായ്മയിലായിരുന്നുവെന്നും കേരള സിവിൽ സർവീസ് (തരംതിരിക്കൽ, നിയന്ത്രണം,അപ്പീൽ) ചട്ടങ്ങൾ പ്രകാരം 1 5 ദിവസത്തിനകം രേഖാമൂലം മറുപടി നൽകണമെന്ന് നിർദേശിച്ച് ടി ഓഫീസിൽ നിന്ന് നൽകിയിരുന്ന കുറ്റാരോപണ മെമ്മോ ടിയാൻ 22/02/2018 ൽ കൈപ്പറ്റിയെങ്കിലും മറുപടി നൽകിയില്ലെന്നും ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത് കേസിന്റെ അടിസ്ഥാനത്തിൽ ടിയാനെ 31/10/2018 ൽ നേരിൽ കേട്ടതായും സുഖമില്ലാത്തതിനാലാണ് മെമ്മോയ്ക്ക് മറുപടി നൽകാത്തതെന്നും അസുഖം ഭേദമായതിൻ മുറയ്ക്ക് മെമ്മോയുടെ മറുപടിയുമായി പഞ്ചായത്ത് സെക്രട്ടറിയെ സമീപിച്ചുവെങ്കിലും സെക്രട്ടറി ടിയാനെ ജോലിയിൽ പ്രവേശിപ്പിച്ചില്ലെന്നും 24/10/2017 മുതൽ 31/10/2018 വരെയുള്ള വിവിധ തീയതികൾ വെച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എല്ലാം ഹാജരാക്കിയിട്ടുള്ളത് 31/10/2018 ലാണെന്നും ആയത് മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത തന്നെ ചോദ്യം ചെയ്യുന്നുവെന്ന് പ്രത്യക്ഷത്തിൽ തന്നെ മനസിലാക്കാവുന്നതാണെന്നും ബഹു. ട്രൈബ്യൂണൽ ശ്രീ.

സുരേഷ് കുമാറിനെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ പുനപ്രവേശിപ്പിക്കണമെന്ന് ഉത്തരവിട്ട് ഹർജി തീർപ്പാക്കിയതായും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ടി ഓഫീസിൽ 03/11/2018 ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചതായും ശ്രീ. സുരേഷ് കുമാറിനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് കൊണ്ടും അനധികൃത ഹാജരില്ലായ്മയിലായിരുന്ന 05/7/2017 മുതൽ 03/8/2017 വരെ കാലം സെക്രട്ടറി പിൽക്കാലത്ത് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആർജിതാവധിയായി പരിഗണിച്ച് നൽകിയതിനാൽ ടി കാലഘട്ടം ഒഴിവാക്കികൊണ്ട് 24/10/2017 മുതൽ 02/11/2018 വരെ അനധികൃതമായി ഹാജരാകാതിരുന്ന കാലം ശൂന്യവേതനാവധിയായി പരിഗണിച്ച താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും എന്നാൽ താൽക്കാലിക ഉത്തരവിന് ടിയാൻ സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ തൃപ്തികരമല്ലായെന്ന് കണ്ടെത്തിയതിനാൽ താൽക്കാലിക ഉത്തരവ സ്ഥിരം ഉത്തരവായി പുറപ്പെടുവിക്കുയും ചെയ്തു.

3. 24.10.2017 മുതൽ 31.10.2018 വരെയുള്ള കാലയളവിലേക്ക് അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ കെ.എസ്.ആർ ഭാഗം 1 , ചട്ടം 118(a) ലെ വ്യവസ്ഥകൾ പ്രകാരം സമർപ്പിച്ചിട്ടില്ല. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത തന്നെ ചോദ്യം ചെയ്യുന്നുവെന്ന് പ്രത്യക്ഷത്തിൽ തന്നെ മനസിലാക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അച്ചടക്കനടപടി ഉത്തരവിൽ തന്നെ വ്യക്തമാക്കിയിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടി തീർപ്പാക്കിയതും ടിയാൻ സർവ്വീസിൽ തിരികെ പ്രവേശിക്കുകയും ചെയ്ത സാഹചര്യത്തിൽ, ടിയാന്റെ 24/10/2017 മുതൽ 02/11/2018 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I , ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. എസ്. സുരേഷ് കുമാർ, ഓഫീസ് അറ്റൻഡന്റ്, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല

(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/13/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ